
# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26



## ജി ജെ ബി എൽ പി എസ്സ്
## പേരൂർ

LAMP OF PEROOR

# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച്, സമൂഹത്തെ നയിക്കാൻ വ്യക്തികളെ കഴിവുള്ളവരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗം കൂടുതൽ ശക്തമാക്കുന്നതിനായി എല്ലാവിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്.

ലോകത്തിനാകമാനം കേരളം മാതൃകയാണെന്ന് അഭിമാനം കൊള്ളുമ്പോഴും വിദ്യാഭ്യാസരംഗത്ത് നാം കൈവരിച്ച നേട്ടങ്ങൾ ഓരോ വിദ്യാർത്ഥിക്കും ദേശ, ഭാഷ, വർഗ, വർണ, ലിംഗ ഭേദമെന്യേ ലഭ്യമാക്കുക എന്നലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് ചിന്തിക്കേണ്ടതുണ്ട്. മേൽപറഞ്ഞ ലക്ഷ്യം നേടി നമ്മുടെ കുട്ടികൾക്ക് സമഗ്രഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുവാൻ നമ്മുടെ വിദ്യാലയങ്ങളെ സമൂലമായി മാറ്റിയെടുക്കേണ്ടതുണ്ട്. അതിനായി വിദ്യാലയ സമൂഹവും, അധ്യാപകരും, വിദ്യാഭ്യാസ സ്ഥാപനങ്ങളും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി യത്നിക്കണം. ഈ കൂട്ടായ്മ പ്രവർത്തനങ്ങളുടെ ആകെത്തുകയായിരിക്കണം, മോഡലായിരിക്കണം ഓരോ സ്കൂൾതല അക്കാദമിക മാസ്റ്റർ പ്ലാനുകളും. ഇത് ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠന നേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി, ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന സാഹചര്യം ഒരുക്കുന്നു എന്നതിൽ സംശയമില്ല.

ഏറ്റുമാനൂർ പട്ടണത്തിൽ, പേരൂർ ഗ്രാമത്തിന്റെ വിളക്കായി നിലകൊള്ളുന്ന ഗവ. ജെ.ബി.എൽ.പി. സ്കൂൾ ഇന്നും തലയുയർത്തി നിൽക്കുന്നത് ഇവിടുത്തെ അധ്യാപകരും സമൂഹവും തമ്മിലുള്ള ഗാഢബന്ധത്തിന്റെ തെളിവാണ്. 170 കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ ഒരു ഹെഡ്മിസ്ട്രസ്, 9 അധ്യാപകർ, 2 പ്രീ-പ്രൈമറി ടീച്ചേഴ്സ്, PTCM തുടങ്ങി നിരവധി പേർ കുട്ടികളുടെ നാനാവിധ ആവശ്യങ്ങൾ കണ്ടറിയാനും, ശ്രദ്ധിക്കാനുമായി ഇവിടെയുണ്ട്. വൃത്തിയുള്ള അന്തരീക്ഷത്തിൽ ഉച്ചഭക്ഷണം സ്വാദോടെ, രുചിയോടെ വിളമ്പാൻ സന്ധ്യാന്റിയും അവരോടൊപ്പമുണ്ട്. കഴിഞ്ഞ വർഷം 5 LSS വിജയികളെ നേടിയെടുക്കാൻ നമുക്കു കഴിഞ്ഞു. ആഴ്ചതോറും 4,5 ക്ലാസിലെ കുട്ടികൾക്ക് 'കരാട്ടെ' പരിശീലനവും നൽകി വരുന്നു.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ധാരാളം കുട്ടികൾ പഠിക്കുന്ന ഈ സ്കൂളിന് രക്ഷിതാക്കളുടെ പൂർണ്ണ പിന്തുണയുണ്ട്. സജീവമായി പ്രവർത്തിക്കുന്ന SMC, MPTA ഇവരുടെ പിന്തുണ ഏറെ പ്രശംസയർഹിക്കുന്നതാണ്. എന്നിരുന്നാലും കുട്ടികളുടെ എണ്ണത്തിൽ (admission) വരുന്ന കുറവ് തീർച്ചയായും പരാമർശിക്കേണ്ടിയിരിക്കുന്നു. ശ്രദ്ധയിലുള്ളതും, അല്ലാത്തതുമായ പ്രശ്നങ്ങൾ പരിഹരിച്ച്, കുട്ടികളെ എഴുത്തിലും, വായനയിലും എന്നുവേണ്ട, സമഗ്രഗുണമേന്മാ വിദ്യാഭ്യാസം നൽകി, സമൂഹവുമായുള്ള ബന്ധം കൂടുതൽ ഉറപ്പിക്കാൻ സ്കൂൾ അധികൃതർ പദ്ധതികൾ ആവിഷ്കരിച്ചുകഴിഞ്ഞിരിക്കുന്നു. സമീപ സ്കൂളുകളുടെ അനാവശ്യമായ ഇടപെടലുകൾ ഇല്ലെങ്കിൽ തീർച്ചയായും ഈ നിറദീപം അനുദിനം കൂടുതൽ ശോഭയോടെ കത്തിജ്വലിക്കുക തന്നെ ചെയ്യും.

പ്രവർത്തനം : 1
പേര് : പുസ്തകം എന്റെ ചങ്ങാതി
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക. | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘു വിവരണവും പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം [രണ്ട് പുസ്തകം] | | |

പ്രവർത്തനം : 2

പേര് : എന്റെ പിറന്നാൾ പുസ്തകം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ. | |

പ്രവർത്തനം : 3

പേര് : ഉച്ചഭാഷിണി വായന

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ. | |

പ്രവർത്തനം: 4

പേര് : അക്ഷരക്കൂട്ടം (വായനാകോർണർ)

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക. | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ് മുറികളിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മിറ്റി | |
| റീഡേഴ്സ് തിയേറ്റർ | ക്ലാസ്സ് റൂം പ്രക്രിയകളിൽ ഇതിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു. | | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 5

പേര് : സ്കൂൾ ലൈബ്രറി

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ. | |
| പഠനമികവുള്ളവരായ കുട്ടികൾക്ക് പഠനാഭിരുചി വളർത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. | ക്ലാസ്സ് സമയത്തിന് പുറമെ കുട്ടികൾക്ക് പഠനാഭിരുചി വളർത്തുന്നതിനുള്ള പുനഃസ്ഥാപനം, പ്രവർത്തനങ്ങൾ നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 6

പേര് : ക്ലാസ്സ്തല കയ്യെഴുത്ത് മാസിക

ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുന്നു. | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്സ്തല കയ്യെഴുത്ത് മാസിക തയ്യാറാക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 7

പേര് : ക്ലാസ്സ്തല പതിപ്പുകൾ

മേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സ്ഥലം | [illegible] |
|---|---|---|---|---|
| ആശയങ്ങൾ വിവിധ രൂപത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | വിദ്യാലയ വിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ്സ്തല പതിപ്പുകൾ ഒരുക്കൽ | ജൂലൈ മാസവും | ക്ലാസ് റൂം | |

പ്രവർത്തനം : 8

പേര് : എന്റെ വായനാക്കുറിപ്പുകൾ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പ്രവർത്തന വിശകലനം |
| --- | --- | --- | --- | --- |
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 8

പേര് : എന്റെ വായനാക്കുറിപ്പുകൾ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പ്രവർത്തന വിലയിരുത്തൽ |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 9

പേര് : കയ്യെഴുത്തുമാസികകൾ

ഉപമേഖല : ജീവനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സർഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ ചുമർപത്രം, കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുന്നു. | ഓരോ ടേമിലും | വിദ്യാരംഗം ഭാഷാ ക്ലബ്ബ്. | |

പ്രവർത്തനം : 10

പേര് : രചനോത്സവം

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിഷയത്തിൽ അവതരിപ്പിക്കുന്നതിനുള്ള കഴിവ് നേടുക. | അധ്യാപകർ തയ്യാറാക്കിയ വ്യവഹാരരൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാരരൂപങ്ങൾ മാറ്റിയെഴുതുക. | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാക്ലബ്ബ്. | |

പ്രവർത്തനം : 11
പേര് : പാട്ടരങ്ങ്, സർഗവേള
ഉപമേഖല : ഭാഷാ സമൃദ്ധി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സഹായക വിഭവങ്ങൾ |
|---|---|---|---|---|
| ഭാവപ്രകടനം, ശബ്ദ പ്രയോഗം, സംഗീതാത്മകത, തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക. | കുട്ടികൾ തെരഞ്ഞെടുക്കുന്ന പാട്ടുകൾ പഠിച്ച് അതിന്റെ അവതരണം പരിശീലിപ്പിക്കുന്നു. താള-രാഗപൂർണമായി ആലപിക്കുന്ന ഭാവങ്ങൾ അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാക്ലബ്ബ്. | |

പ്രവർത്തനം : 12

പേര് : റീഡേഴ്സ് തിയേറ്റർ

ഉപമേഖല : വായനാ വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| വായനാശേഷിയും അഭിനയം വഴി വ്യക്തിത്വ വികസനവുമാണ് പ്രധാന ലക്ഷ്യം | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം നൽകുന്നു. സംഭാഷണ ശൈലി, ശബ്ദവ്യത്യാസം എന്നിവ ഉപയോഗിച്ച് അഭിനയം വായനയുടെ അവതരണം നടത്തുന്നു. | രണ്ടു മാസം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 13

പേര് : ഭാഷോത്സവം

ഉപമേഖല : ഭാഷാ കാഴ്ചവത്കരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ വിവിധ ആശയ വിനിമയ രൂപങ്ങൾ മനസിലാക്കുക, ഭാഷ നൈപുണ്യം പ്രകടിപ്പിക്കുക | ഭാഷ പ്രസംഗം, കഥ പറയൽ, കവിതാപാരായണം, ഭാഷാ പോസ്റ്ററുകൾ തുടങ്ങിയവയുടെ പങ്കാളിത്തത്തിലൂടെ കുട്ടികൾക്ക് ഭാഷാമികവ് പ്രകടിപ്പിക്കാൻ അവസരം. | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാ ക്ലബ്ബ്, ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 14

പേര് : അരങ്ങത്തേക്ക്

ഉപമേഖല : അവതരണശേഷി വികസനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ആത്മവിശ്വാസം വർദ്ധിപ്പിക്കാനും വേദികളിൽ ആശയവിനിമയമറിയിക്കാൻ സഹായിക്കുക. | കുട്ടികൾ പഠിച്ച കഥകൾ, സന്ദർഭങ്ങൾ, സംവാദങ്ങൾ തുടങ്ങിയവയെ അടിസ്ഥാനമാക്കി അവതരണവും പ്രകടനവും ഒരു ക്ലാസ് അരങ്ങ് ഒരുക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

# ഇംഗ്ലീഷ്

ലക്ഷ്യങ്ങൾ :-

* എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കുവാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം.
* വായന പരിപോഷിപ്പിക്കൽ.
* ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന്.
* ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും, എഴുതാനും, സംസാരിക്കാനും ഉള്ള ശേഷി വികസനം. | ① ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ | എല്ലാ ക്ലാസ്സും | ബന്ധപ്പെട്ട അധ്യാപകർ | |
| | ② ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ. ഇംഗ്ലീഷിൽ മത്സരങ്ങൾ സംഘടിപ്പിക്കൽ | ആഴ്ചയിൽ ഒരിക്കൽ മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി Class teacher in charge. | |
| | ③ ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി മാറിമാറി എല്ലാ ക്ലാസ്സും നടത്തൽ | ആഴ്ചയിൽ ഒരു ദിവസം | Class teacher | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായന പരിപോഷിപ്പിക്കൽ | ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവ ഉൾപ്പെടുത്തൽ. വായനാക്കുറിപ്പ് തയ്യാറാക്കൽ. അസംബ്ലിയിൽ അവതരിപ്പിക്കൽ. | ആഴ്ചയിൽ ഒരു ദിവസം | English teacher. | |
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന്. | ഇംഗ്ലീഷിൽ ഡയറി എഴുതൽ. | ആഴ്ചയിൽ ഒരു ദിവസം | English teacher | |
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം. | (1) പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരണം. Skit, Drama, Conversation തുടങ്ങിയ രീതികൾ. | മാസത്തിൽ ഒരിക്കൽ | English teacher. | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | (2) ഇംഗ്ലീഷ് ഫെസ്റ്റ് നടത്തുന്നു. | മാസത്തിൽ ഒരിക്കൽ | Class teachers and English teacher | |
| | (3) ഇംഗ്ലീഷ് ന്യൂസ് വായന | ആഴ്ചയിൽ ഒരു ദിവസം | Class teacher or English teacher | |
| | (4) ഇംഗ്ലീഷ് ക്ലബ്ബ് പ്രവർത്തനത്തിൽ - Listening stories- poems etc Engage in games etc | ആഴ്ചയിൽ ഒരിക്കൽ | English teacher and club secratary. | |

# हिन्दी

## उद्देश्य

* सब बच्चों को हिन्दी बोलने और लिखने की क्षमता प्राप्त कराना ।
* हिन्दी वाचन में सक्षम बनाना ।
* लेखन क्षमता की बढ़ाव ।
* हिन्दी में अपनी भावनाओं को प्रकट करने की क्षमता प्राप्त कराना ।
* आशयों के लेन-देन में छात्रों को सक्षम बनाना ।
* छात्रों की साहित्यिक अभिरुचियों को बढ़ावा देना ।
* हिन्दी भाषा के विकास केलिए नूतन सांकेतिक मार्गों का प्रयोग करना ।
* हिन्दी वाचन में सक्षम बनाना ।
* हिन्दी असंबली चलाने में छात्रों की क्षमता बढ़ाना ।

| कार्यक्रम | प्रक्रियायें | समय | भौतिक सहायक | आर्थिक सहायक |
| --- | --- | --- | --- | --- |
| * छात्रों के स्तर के आधार पर अक्षर, शब्द और वाक्यों को समझाना । | * अक्षर कार्ड पहचान<br>* शब्दों का कार्ड पहचान<br>* अक्षरों का प्रदर्शन<br>* श्यामपट पर अक्षरों को दिखाकर छात्रों को पहचानने का अवसर । | जून से सितंबर तक । | अक्षरकार्ड, पाठपुस्तक | |
| | * हिन्दी असंबली चलाने केलिए अभ्यास कराना ।<br>* स्वराक्षर और व्यंजनाक्षर को उल्टे-पल्टे देकर पहचानने का अवसर ।<br>* हिन्दी अक्षर देकर शब्दों से पहचानने का अवसर । | अक्तूबर से दिसंबर तक । | अक्षरकार्ड पाठपुस्तक | |
| * छात्रों को वाचन के तौर पर लाने का प्रयास । | * पिछड़ेवालों को आगे लाने का प्रयास ।<br>* चित्र वाचन और चित्रकथन की क्षमता बढ़ाना । | जनवरी से मार्च तक | अक्षरकार्ड पाठपुस्तक | |

| कार्यक्रम | प्रक्रियायें | समय | भौतिक सहायक | आर्थिक सहायक |
|---|---|---|---|---|
| * छात्रों के स्तर के आधार पर अक्षर शब्द और वाक्यों को समझाना । | * अक्षर कार्ड पहचान<br>* शब्दों का कार्ड पहचान<br>* अक्षरों का प्रदर्शन<br>* श्यामपट पर अक्षरों को दिखाकर छात्रों को पहचानने का अवसर । | जून से सितंबर तक । | अक्षरकार्ड, पाठपुस्तक | |
| | * हिन्दी असंबली चलाने केलिए अभ्यास कराना ।<br>* स्वराक्षर और व्यंजनाक्षर को उल्टे-पल्टे देकर पहचानने का अवसर ।<br>* हिन्दी अक्षर देकर शब्दों से पहचानने का अवसर । | अक्तूबर से दिसंबर तक । | अक्षरकार्ड पाठपुस्तक | |
| * छात्रों को वाचन के तौर पर लाने का प्रयास । | * पिछडेवालों को आगेलाने का प्रयास ।<br>* चित्र वाचन और चित्रकथन की क्षमता बढाना । | जनवरी से मार्च तक | अक्षरकार्ड पाठपुस्तक | |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## ശാസ്ത്രം.

### ലക്ഷ്യങ്ങൾ

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രാവബോധം ശാസ്ത്രീയമനോഭാവം എന്നിവ വികസിപ്പിക്കുക.

2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവങ്ങൾ ഒരുക്കുക.

3. ശാസ്ത്രപ്രക്രിയാശേഷികൾ വികസിപ്പിക്കുക ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർധിപ്പിക്കുക.
4. ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക.

5. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

പ്രവർത്തനം : 1
പേര് : ശാസ്ത്ര പഠനോപകരണ ശില്പശാല.
ഉപമേഖല : ലാബ് ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ഉറവിടം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക. | പാഠഭാഗങ്ങളെ മുൻനിർത്തി ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങും വിധം ശില്പശാലകൾ. | ഓരോ ടേമിലും | ശാസ്ത്ര അധ്യാപിക | PTA. |

പ്രവർത്തനം : 2
പേര് : എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ)
ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ഉറവിടം |
|---|---|---|---|---|
| ശാസ്ത്ര പഠന താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന് പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ. | എല്ലാ മാസത്തിലും | ശാസ്ത്ര അധ്യാപിക | SRG. |

പ്രവർത്തനം : 3
പേര് : പരീക്ഷണകിറ്റ്.
ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ. | കാലം | ചുമതല | സാമ്പത്തിക ഉറവിടം |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാശേഷികളുടെ വളർച്ചയ്ക്കുതകുന്ന വിധം പ്രവർത്തനങ്ങൾ ഒരുക്കുക. | • ടെറാറിയം<br>• പായൽ - പന്തുകൾ (4, 5 ക്ലാസിലെ കുട്ടികൾക്ക്)<br>• പരീക്ഷണങ്ങൾക്കുതകുന്ന വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്ന പരീക്ഷണ കിറ്റ്.<br>• ചുമർ പത്രം | ജൂൺ മുതൽ മാർച്ച് വരെ. | ശാസ്ത്ര അധ്യാപിക.<br>ക്ലാസ് ടീച്ചർ | PTA. |

പ്രവർത്തനം : 4.
പേര് : പരീക്ഷണോത്സവം.
ഉപമേഖല : ശാസ്ത്രാന്വേഷണം.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല. | സാമ്പത്തിക ഉറവിടം |
|---|---|---|---|---|
| ശാസ്ത്രവിഷയങ്ങളിലുള്ള താത്പര്യവും മനഃശാസ്ത്രപരമായ ഉത്സാഹവും വളർത്തുക. | ക്ലാസ് മുറികളിൽ ശാസ്ത്ര പ്രയോഗങ്ങൾ കാണിച്ച് അർത്ഥമാക്കുന്നതും കുട്ടികൾക്ക് അതിൽ പങ്കാളികളാകുന്നതുമാണ് പരീക്ഷണോത്സവത്തിലൂടെ ലക്ഷ്യം. | എല്ലാ മാസവും | ശാസ്ത്ര ക്ലബ്ബ്<br>ക്ലാസ് - ടീച്ചർ | SRG. |

# ഗണിതം

## ആമുഖം

ഗണിതം നിത്യജീവിതത്തിന്റെ ഭാഗമാണ്. അറിഞ്ഞോ അറിയാതെയോ നാം ഗണിതത്തെ നിത്യജീവിതത്തിൽ ഉപയോഗപ്പെടുത്തുകയാണ് ചെയ്യുന്നത്. അതിനാൽ പ്രാഥമിക ഗണിതധാരണകൾ കൈവരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. മൂർത്ത വസ്തുക്കളിലൂടെയും ചിത്രങ്ങളിലൂടെയും ഭാഷയിലൂടെയും ഗണിതാശയങ്ങൾ വിശദീകരിക്കാൻ കുട്ടിക്ക് അവസരം നൽകുന്ന പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഗണനാചിന്ത, യുക്തിചിന്ത, മനഗണിതം എന്നിവയ്ക്കും പ്രാധാന്യം നൽകിയിരിക്കുന്നു. പ്രക്രിയാബന്ധിതവും പ്രവർത്തനാധിഷ്ഠിതവും ജീവിതഗന്ധിയും അപഗ്രഥനത്തിനും പ്രശ്നപരിഹരണത്തിനും സാധ്യത നൽകുന്നതുമായ സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്.

# ഗണിതം

## ലക്ഷ്യങ്ങൾ

1. അടിസ്ഥാന ഗണിതശേഷികൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക
3. ഓരോ പ്രായഘട്ടത്തിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിത ചിന്ത, യുക്തിചിന്ത, വിശകലന-ശേഷി എന്നിവ കുട്ടികളിൽ വളർത്തിയെടുക്കുക.
6. ഗണിത പഠനം രസകരമാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിത ശേഷികൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക. | • ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കൽ<br>ഗണിതമധുരം - ഗണിത കേളികൾ | ജൂൺ - ആഗസ്റ്റ് | S.R.G<br>ഗണിത അധ്യാപിക | |
| | • എല്ലാ ക്ലാസിലും ഗണിത മൂലകൾ ക്രമീകരിക്കൽ | ജൂൺ | | |
| | • ഗണിത ലാബ് സജ്ജമാക്കൽ | ജൂൺ | ഗണിതക്ലബ് | |
| | ഗണിത മൂല, ഗണിതലാബ് എന്നിവയുടെ സഹായത്താൽ ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കൽ | ജൂൺ - മാർച്ച് | | |
| | • ക്ലാസിന് ഒരു കണക്കുപെട്ടി | ജൂൺ | | |
| | • ഓരോ കുട്ടിക്കും ഒരു കണക്കുപെട്ടി | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| 2. ഓരോ പ്രായഘട്ടത്തിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക | • വർക്ക്ഷീറ്റ് ഓരോ യൂണിറ്റിലെയും പഠനനേട്ടങ്ങളുമായി ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | S.R.G ഗണിത അധ്യാപിക | |
| | • യൂണിറ്റ് ടെസ്റ്റ് ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാരബോധനം ഉറപ്പാക്കൽ | " | | |
| 3. ഗണിതപഠനം രസകരമാക്കൽ | • ഗണിത ക്ലബ് രൂപീകരിക്കൽ | ജൂൺ | | |
| | • ഗണിത കളികൾ സംഘടിപ്പിക്കൽ | ജൂൺ - മാർച്ച് | | |
| | • ഗണിതോത്സവം | ഓരോ ടേമിലും ഒന്നു വീതം | ഗണിത ക്ലബ് | |
| | • ഗണിത അസംബ്ലി | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | · ഗണിത മാഗസിൻ | സെപ്റ്റംബർ | ഗണിത അധ്യാപകർ | |
| | · ഒരു ദിനം ഒരു ചോദ്യം - ഗണിത പസിൽ | | | |
| | · നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ - ഒറിഗാമി, ടാൻഗ്രാം, ചതുരക്കട്ട പോലെ ത്രിമാന രൂപങ്ങളുടെ നിർമ്മാണം - ജന്മദിന കലണ്ടർ നിർമ്മാണം | ജൂൺ - ജൂലൈ | | |
| 4. ഗണിത ശേഷികളുടെ പ്രകടനം | · ഗണിത ശാസ്ത്രമേള | രണ്ടാം ടേം | ഗണിത ക്ലബ് | |
| | · പസിൽ കോർണർ | | | |
| | · പഠനോല്പന്ന പ്രദർശനം | ഓരോ ടേമിലും | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ സങ്കേതങ്ങൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക | G Compris പരിചയപ്പെടുത്തൽ<br>- വിവിധ കളികളിൽ (G compris) ഏർപ്പെടൽ | ജൂൺ - മാർച്ച് | ഗണിത അധ്യാപിക | |
| * ഗണിത ചിന്ത, യുക്തി ചിന്ത, വിശകലന ശേഷി എന്നിവ വളർത്തിയെടുക്കുക | * പസിലുകൾ<br>* പ്രോജക്ടുകൾ<br>* പാറ്റേൺ രൂപീകരണം<br>* പ്രശ്നവിശകലനം, പരിഹാരം -ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ | | | |
| * ഗണിതപഠനത്തിന് രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുക | * പഠനോപകരണ നിർമാണ ശില്പശാല | ഓരോ ടേമിലും ഒന്ന് | S.R.G അധ്യാപകർ | |

# അക്കാദമിക മാസ്റ്റർപ്ലാൻ
# സോഷ്യൽ സയൻസ്

## ആമുഖം

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി തയ്യാറാക്കുന്ന അക്കാദമിക മാസ്റ്റർ പ്ലാനിൽ സാമൂഹ്യ ശാസ്ത്രം എന്ന വിഷയവും ഇടംനേടി. കുട്ടികളുടെ വളർച്ചയിൽ സാമൂഹിക കാര്യങ്ങളിൽ ഉള്ള ഇടപെടൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നുണ്ട്. നിരവധി പ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ സാമൂഹിക പ്രതിബന്ധത ഉളവാക്കുന്നതിന് അനുയോജ്യമായ ചിന്ത നൽകുന്നതിന് സാമൂഹ്യ ശാസ്ത്രം പ്രയോജനപ്പെടുന്നു.

## ലക്ഷ്യങ്ങൾ

* സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്തം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
* ജനാധിപത്യ ജീവിതസംസ്കാരം വളർത്തിയെടുക്കുക.

| പ്രശ്നങ്ങൾ | വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം. പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| കുട്ടികൾക്ക് പ്രദേശത്തെക്കുറിച്ച് വ്യക്തമായ ധാരണയില്ല. | പേരൂർ എന്ന പ്രദേശത്തെ കുറിച്ച് മുതിർന്നവരിൽ നിന്ന് മനസിലാക്കിയത് കുറിപ്പാക്കുന്നു. | ജൂൺ | | |
| പ്രാദേശിക വിഭവ സ്രോതസുകൾ ഉപയോഗപ്പെടുത്തുന്നില്ല. | പ്രാദേശികമായി ലഭിക്കുന്ന വിഭവങ്ങൾ ഉപയോഗിച്ചുള്ള ഭക്ഷണം- പ്രദർശനം<br>പ്രദേശികമായ സാധനങ്ങൾ ഉപയോഗിച്ചുള്ള കൗതുക വസ്തു നിർമ്മാണം | ജൂലായ് | [illegible] | രക്ഷിതാക്കൾ<br>" |
| പാഠഭാഗം ലളിതവും ആകർഷകവും ആകുന്നില്ല. | IT അധിഷ്ഠിത T.M. വികസിപ്പിക്കൽ | ജൂൺ- ജൂലായ് | | |

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | മുൻഗണന |
|---|---|---|---|---|
| ചരിത്രപ്രധാനമുള്ള ദിവസങ്ങളെക്കുറിച്ചും ആഘോഷങ്ങളെക്കുറിച്ചും ധാരണക്കുറവ് | ദിനാചരണം സംഘടിപ്പിക്കുക<br>വിവിധ ആഘോഷങ്ങൾ ജനകീയമായി സംഘടിപ്പിക്കുക. | | | |
| കുട്ടികളുടെ അവകാശങ്ങളെ കുറിച്ചുള്ള അവബോധക്കുറവ് | Skit തയ്യാറാക്കി അവതരിപ്പിക്കുക | | | |
| സാമൂഹിക സേവനം മനസിലാക്കൽ | പൈസ ശേഖരിച്ച് സാമൂഹിക സേവനത്തിന് ഉപയോഗിക്കുക.<br>സാമൂഹികസേവന അവബോധം ഉണർത്തുന്ന പ്രോഗ്രാം സംഘടിപ്പിക്കുക | 1 വർഷം | | |

# ആരോഗ്യ കായിക വിദ്യാഭ്യാസം

## ആമുഖം

ആധുനിക കാലഘട്ടത്തിൽ സ്കൂളുകളിൽ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യമുണ്ട്. ശാരീരികവും മാനസികവുമായ ആരോഗ്യത്തിന് പുറമെ സാമൂഹികവും വൈകാരികവുമായ വികാസത്തിനും ഇത് അനിവാര്യമാണ്. ശരിയായ ശീലങ്ങൾ വളർത്താനും രോഗങ്ങളെ തടയാനും പഠനത്തിൽ മികവ് പുലർത്താനും ഇത് സഹായിക്കുന്നു. കായിക വിനോദങ്ങളിൽ ഏർപ്പെടുമ്പോൾ കുട്ടികൾക്ക് അവരുടെ ശാരീരിക ശേഷി വർദ്ധിപ്പിക്കാനും ഏകാഗ്രതയും ആത്മവിശ്വാസവും നേടാനും കഴിയും. അതോടൊപ്പം ശരീരഭാരം നിയന്ത്രിക്കാനും രോഗങ്ങൾ വരാതിരിക്കാനും ഊർജ്ജസ്വലത നിലനിർത്താനും സഹായിക്കുന്നു. ശരിയായ ശുചിത്വശീലങ്ങൾ പാലിക്കാനും പകർച്ച വ്യാധികൾ തടയാനും ആരോഗ്യകരമായ ഭക്ഷണ ശീലങ്ങൾ പാലിക്കാനുമെല്ലാം ആരോഗ്യ-കായിക വിദ്യാഭ്യാസം സഹായിക്കുന്നു.

## ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികൾക്കും വ്യായാമം, കളികൾ എന്നിവയിലൂടെ കായികാരോഗ്യക്ഷമത ഉറപ്പ് വരുത്തുക.

2. ശാസ്ത്രീയമായ ആരോഗ്യ ശീലങ്ങൾ വളർത്തുക.

3. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് പ്രാദേശിക- ലിംഗ വർഗ്ഗ ഭേദമന്യേ എല്ലാ കുട്ടികൾക്കും അവസരം ഒരുക്കുക.

4. ക്യാംപസ്സിനെ മാലിന്യമുക്തമാക്കൽ, ഹരിതാഭമാക്കൽ തുടങ്ങിയവയിൽ പങ്കെടുക്കാനുള്ള മനോഭാവം വികസിപ്പിക്കുക.

5. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ആരോഗ്യ കായിക വിദ്യാഭ്യാസത്തിനായി പ്രയോജനപ്പെടുത്തുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | അവതരണ സന്ദർഭം |
|---|---|---|---|---|---|
| നൈസർഗികമായ കലാവാസനകൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുക | സർഗവേള<br>കുട്ടികളുടെ നേതൃത്വത്തിൽ കുട്ടികൾ തങ്ങളുടെ വ്യത്യസ്ത കഴിവുകൾ പ്രകടിപ്പിക്കുന്നു. | ആഴ്ചയിൽ ഒരുദിവസം | HM<br>ക്ലാസ് ടീച്ചർ | SMC | ബാലസഭ |
| കുട്ടികളുടെ വിഭിന്നങ്ങളായ ശേഷികൾ പരിപോഷിപ്പിക്കുന്നതിനും കലാവാസനകൾ വളർത്തുന്നതിനും | നിർമ്മാണ പ്രവർത്തനങ്ങൾ<br>ഒറിഗാമി | അവശ്യാനുസരണം | HM<br>ക്ലാസ് ടീച്ചർ<br>SRG | SMC | ബാലസഭ |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ, സാധ്യതകൾ. കലാപരിശീലനത്തിൽ പ്രയോജനപ്പെടുത്തുക. | ICT സാധ്യതയിലൂടെ.<br>പാട്ടുകൾ, ചിത്രരചന,<br>ഒറിഗാമി, | അവശ്യാനുസരണം | ക്ലാസ് ടീച്ചർ | SMC | ബാലസഭ<br>അസംബ്ലി<br>സർഗവേള |

# കലാവിദ്യാഭ്യാസം

## ആമുഖം

കലാവിദ്യാഭ്യാസം കുട്ടികളുടെ സമഗ്ര വികസനത്തിന് അത്യാവശ്യമാണ്. സർഗ്ഗാത്മകത, പ്രശ്ന പരിഹാര ശേഷി, വൈകാരിക വികസനം, സാമൂഹിക കഴിവുകൾ എന്നിവ മെച്ചപ്പെടുത്താൻ ഇത് സഹായിക്കുന്നു. കലാവിദ്യാഭ്യാസം കുട്ടികളുടെ ജീവിതത്തിൽ ഒരുപാട് പ്രാധാന്യമർഹിക്കുന്നു. ഇത് കുട്ടികളുടെ സർഗ്ഗശക്തിയും ഭാവനാത്മകമായ കഴിവുകൾ വളർത്താനും സഹായിക്കുന്നു. കലാപ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ കുട്ടികൾക്ക് അവരുടെ വികാരങ്ങൾ പ്രകടിപ്പിക്കാനും അത്‌വഴി വൈകാരിക വികാസം നേടാനും സാധിക്കുന്നു. കലാപ്രവർത്തനം കുട്ടികൾക്ക് ടീം വർക്ക്, സഹകരണം തുടങ്ങിയ സാമൂഹിക കഴിവുകൾ നേടാൻ സഹായിക്കുന്നു. ഈ കാരണങ്ങൾ എല്ലാം കൊണ്ട് തന്നെ കലാവിദ്യാഭ്യാസം കുട്ടികളുടെ വളർച്ചക്ക് അത്യന്താപേക്ഷിതമാണ്.

## ലക്ഷ്യങ്ങൾ

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക
2. കലാഭിരുചി വളർത്തുക
3. ഓരോ കുട്ടികളുടേയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരമൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ കലാപരിശീലനത്തിനായി പ്രയോജനപ്പെടുത്തുക
5. ഇതിനാവശ്യമായ കൃത്യമായ പ്രവർത്തന പദ്ധതികൾ ആവിഷ്കരിക്കുക.
6. വ്യത്യസ്ത പ്രദേശങ്ങളിൽ അവരുടെ തനതുകലകളെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തന പദ്ധതികൾ വികസിപ്പിക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | അവലംബന സന്ദർഭം |
|---|---|---|---|---|---|
| കുട്ടികളുടെ ആരോഗ്യപരവും ശാരീരികവുമായ വികാസം. | ഡ്രിൽ<br>കരാട്ടെ<br>സുംബ ഡാൻസ് | HM<br>ക്ലാസ് ടീച്ചർ | ആഴ്ചയിൽ രണ്ട്<br>"<br>ആഴ്ചയിൽ ഒന്ന് | | സർഗവേള |
| കായിക വിദ്യാഭ്യാസത്തിന് എല്ലാവർക്കും അവസരം ഒരുക്കുക | നാടൻ കളികൾ , ഡ്രിൽ<br>സുംബ , കരാട്ടെ | ക്ലാസ് ടീച്ചർ | ആഴ്ചയിൽ രണ്ട് | | |
| കായികാരോഗ്യക്ഷമത ഉറപ്പ് വരുത്തൽ | ആരോഗ്യ ചെക്കപ്പ്, നാടൻ ഭക്ഷ്യമേള | HM<br>ക്ലാസ് ടീച്ചർ | മൂന്ന്മാസത്തിലൊരിക്കൽ | | |
| ക്യാമ്പസ്സിനെ മാലിന്യമുക്തമാക്കൽ, ഹരിതാഭമാക്കൽ എന്നിവയിൽ പങ്കാളികളാകുവാനുള്ള മനോഭാവം വികസിപ്പിക്കുക | പൂന്തോട്ട പരിപാലനം<br>ജൈവ വൈവിധ്യ പാർക്ക് സംരക്ഷണം | ക്ലാസ്ടീച്ചർ<br>SRG | ആഴ്ചയിൽ ഒന്ന് | SMC | |

# തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

## ആമുഖം

ഇന്നത്തെ ലോകം മാറ്റങ്ങളാൽ നിറഞ്ഞതാണ്. ശാസ്ത്ര സാങ്കേതിക വിദ്യയുടെ വളർച്ചയും തൊഴിൽ വിപണിയിലെ മാറ്റങ്ങളും വിദ്യാർത്ഥികളിൽ പുതിയ കഴിവുകളും പാടവങ്ങളും വികസിപ്പിക്കേണ്ടതിന്റെ ആവശ്യകത ഉയർത്തിക്കൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ വിജ്ഞാനത്തെയും പ്രായോഗികതയെയും സമന്വയിപ്പിച്ചുള്ള ഒരു വിദ്യാഭ്യാസ രൂപമാണ് തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം.

വിദ്യാർത്ഥികളെ തൊഴിൽ മേഖലയുടെ ആവശ്യങ്ങൾക്കനുസരിച്ച് സജ്ജരാക്കാനും അവരുടെ പഠനത്തിലൂടെ ജീവിതം സ്വയം കെട്ടിപ്പടുക്കാനും സഹായിക്കുന്നതാണ് ഈ വിദ്യാഭ്യാസരീതി. സിദ്ധാന്തപരമായ അറിവിനൊപ്പം തന്നെ യാഥാർത്ഥ്യ പ്രധാനമായ പരിശീലനം കൂടി നൽകുന്നതിനാൽ ഇത് തൊഴിലിനും ഉയർന്ന വിദ്യാഭ്യാസത്തിനും വിദ്യാർത്ഥികൾക്ക് ഇരട്ട വഴികാട്ടിയായി മാറുന്നു. ഈ പശ്ചാത്തലത്തിൽ തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം നമ്മുടെ സമകാലീന വിദ്യാഭ്യാസരംഗത്ത് വളരെ പ്രാധാന്യമാർജ്ജിച്ച ഒരു മേഖലയായി മാറിയിരിക്കുന്നു.

ലക്ഷ്യങ്ങൾ

1. വിദ്യാർത്ഥികൾക്ക് പടിപടിയായി തൊഴിൽ കൗശലങ്ങൾ കൈവരിക്കാൻ സഹായിക്കുന്നു.

2. പൊതുവിദ്യാഭ്യാസത്തെയും പ്രായോഗിക പരിശീലനത്തെയും ചേർത്തുകൊണ്ട് വളർച്ച നൽകുക.

3. വിദ്യാർത്ഥിയെ ഉന്നത വിദ്യാഭ്യാസത്തിലേക്കും തൊഴിലേക്കും ഒരേ സമയം യോഗ്യനാക്കുക.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിലെ പരിസ്ഥിതി ബോധം, കർമ്മശീലം എന്നിവ വളർത്തുക. | 1. കൃഷി/പുതിയ ചെടികൾ വളർത്തൽ.<br>* തൈ നടുക.<br>* വെള്ളം ഒഴിക്കുക, വളം ഇടുക, വൃക്ഷങ്ങളെ നോക്കുക.<br>* സ്കൂളിൽ ചെറിയ തോട്ടം ഒരുക്കുക. | ജൂൺ 5 മുതൽ [പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച്] | HM<br>ക്ലാസ്സ് ടീച്ചർ | |
| പാഴ് വസ്തുക്കളുടെ പുനരുപയോഗത്തിന്റെ സാധ്യതകൾ ശില്പശാല പ്രവർത്തനങ്ങളിലൂടെയും ചർച്ചയിലൂടെയും മനസ്സിലാക്കുക. | 1. പാഴ് വസ്തുക്കളുടെ പുനരുപയോഗം.<br>* പ്ലാസ്റ്റിക് കുപ്പികളിൽ പുഷ്പ ചെടികൾ വളർത്തൽ.<br>* പഴയ പത്രങ്ങൾ കൊണ്ട് പേപ്പർ ബാഗ് നിർമ്മാണം. | ആഗസ്റ്റ്-ഫെബ്രുവരി | Class Teacher<br>താൽപര്യമുള്ള രക്ഷിതാക്കൾ | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| കുട്ടികളിൽ പൊതുതാല്പര്യബോധം പങ്കാളിത്തം എന്നിവ ഉണ്ടാക്കുക. | 1. ശുചിത്വ പ്രവർത്തനങ്ങൾ<br>* ക്ലാസ് മുറിയിലെ സ്വന്തം മേശ വൃത്തിയാക്കൽ<br>* സ്കൂൾ ചുറ്റുപാടും തോട്ടവും വൃത്തിയാക്കൽ.<br>* 'clean my class Day' ആചരിക്കൽ | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | |
| പ്രകൃതി അറിവ് ഉത്തരവാദിത്വ ബോധം എന്നിവ വളർത്തുക. | 1. വ്യക്തിഗത ഉത്തരവാദിത്വം നൽകുന്ന പ്രവർത്തനങ്ങൾ<br>* ഓരോ കുട്ടിക്കും ഒരു ചെടിയുടെ ചുമതല നൽകുക.<br>* വീട്ടിൽ ഒരിക്കൽ ശുചിത്വ ജോലിക്ക് പങ്കാളിയാക്കുക. | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ രക്ഷിതാക്കൾ | |

# പ്രവർത്തന കലണ്ടർ

| Sl. NO: | പരിപാടിയുടെ പേര് | നിർവഹണ കാലം |
|---|---|---|
| 1 | പുസ്തകം എന്റെ ചങ്ങാതി | ആഴ്ചയിൽ 1 |
| 2. | എന്റെ പിറന്നാൾ പുസ്തകം | ജൂൺ – മാർച്ച് |
| 3. | ഉച്ചഭാഷിണി വായന | ,, |
| 4. | അക്ഷരക്കൂട്ടം | ,, |
| 5 | റീഡേഴ്സ് തിയേറ്റർ | ,, |
| 6. | സ്കൂൾ ലൈബ്രറി | ,, |
| 7. | കയ്യെഴുത്ത് മാഗസിൻ | മാസത്തിൽ 1 |
| 8. | പതിപ്പുകൾ | ,, |
| 9. | വായനാക്കുറിപ്പുകൾ | ജൂൺ – മാർച്ച് |
| 10. | രചനോത്സവം | ജൂലൈ – മാർച്ച് |
| 11. | പാട്ടരങ്ങ് | ജൂൺ – മാർച്ച് |
| 12. | വികാസപ്രദ വിലയിരുത്തൽ | എല്ലാ മാസവും |
| 13. | ഭാഷോത്സവം | ജനുവരി 2026 |
| 14. | അരങ്ങത്തേയ്ക്ക് | ജൂൺ – മാർച്ച് |
| 15. | ഇംഗ്ലീഷ് ക്ലബ് | ആഴ്ചയിൽ 1 |
| 16 | ഇംഗ്ലീഷ് മത്സരങ്ങൾ | മാസത്തിൽ 1 |
| 17. | ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ 1 |
| 18. | ഇംഗ്ലീഷ് ഡയറി | ,, |
| 19. | ഇംഗ്ലീഷ് ഫെസ്റ്റ് | മാസത്തിൽ 1 |
| 20. | പരീക്ഷണ ശില്പശാല | ടേമിൽ 1 |
| 21 | ടെറേറിയം, പായൽ പന്ത് | ജൂൺ – മാർച്ച് |

| | | |
|---|---|---|
| 22. | പരീക്ഷണോത്സവം | മാസത്തിൽ 1 |
| 23 | ഗണിത മധുരം | ജൂൺ – ആഗസ്റ്റ് |
| 24 | ഗണിത മൂല | ജൂൺ |
| 25 | ഗണിത ലാബ് | ,, |
| 26 | കണക്കുപെട്ടി | ,, |
| 27 | ഗണിത ക്ലബ് | ജൂൺ |
| 28 | ഗണിതോത്സവം | ടേമിൽ 1 |
| 29 | ഗണിത അസംബ്ലി | മാസത്തിൽ 1 |
| 30 | ഗണിത മാഗസിൻ | സെപ്തംബർ |
| 31. | ഗണിതം – നിർമ്മാണം | ജൂൺ – ജനുവരി |
| 32. | ഗണിത ശാസ്ത്രമേള | ടേം രണ്ട് |
| 33 | ഗണിത പഠനവും ICT യും | ജൂൺ – മാർച്ച് |
| 34 | പഠനോപകരണ ശില്പശാല | ടേമിൽ 1 |
| 35. | നാടൻ ഭക്ഷണ മേള | ജൂലൈ |
| 36 | ജനകീയ പരിപാടികൾ | ജൂൺ – മാർച്ച് |
| 37 | പഠനയാത്ര | ജനുവരി |
| 38 | ജൈവ വൈവിധ്യ പാർക്ക് | ആഴ്ചയിൽ 1 |
| 39 | സർഗ മേള | ,, |
| 40 | നിർമ്മാണ പ്രവർത്തനങ്ങൾ | ,, |
| 41 | കലകൾ / കലാകാരന്മാർ | ആഗസ്റ്റ്– മാർച്ച് |
| 42 | ഡ്രിൽ | ആഴ്ചയിൽ 2 |
| 43 | കരാട്ടെ | ,, |
| 44 | സുംബ | ആഴ്ചയിൽ 1 |
| 45. | ആരോഗ്യ ചെക്കപ്പ് | 3 മാസത്തിൽ 1 |
| 46 | കൃഷി | ജൂൺ – മാർച്ച് |
| 47 | പാഴ്വസ്തുവും ഞാനും | ആഗസ്റ്റ്–ഫെബ്രു. |

| | | |
|---|---|---|
| 48 | ശുചിത്വ പ്രവർത്തനങ്ങൾ | ജൂൺ – മാർച്ച് |
| 49 | ക്ലാസ് പി.ടി.എ | മാസത്തിൽ 1 |
| 50. | അക്കാദമിക മോണിറ്ററിംഗ് | മാസത്തിൽ 1 |
| 51 | IT ലാബ് കമ്പ്യൂട്ടർ വിജ്ഞാനം | ജൂൺ – മാർച്ച് |
| 52. | ക്ലാസ് പത്രം | ടേമിൽ 1 |
| 53. | വിജയസ്പർശം | ജൂൺ – ഫെബ്രു |